**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 560** **05-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സംവിധാനങ്ങളിലൂടെ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. എം.വിജിൻ** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ലോക്ക്ഡൗൺ സാഹചര്യത്തിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത് തുക തിരിച്ചടയ്ക്കാൻ കഴിയാത്തവർക്കായി എന്തെല്ലാം ഇളവുകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്; എത്ര ഉപഭോക്താക്കൾക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; | (എ) | കോവിഡ്-19പകർച്ചവ്യാധി മൂലം ദുരിതത്തിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളെ സഹായിക്കുന്നതിനായി കേരള ഗവൺമെൻറ് വ്യവസായ ഭദ്രത എന്നപേരിൽ ഒരു പ്രത്യേക സമാശ്വാസ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഈ പാക്കേജ് അനുസരിച്ച് കെ.എസ്.ഐ.ഡി.സി.യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പ്രവർത്തനമൂലധനത്തിനായി 200ലക്ഷം വരെയുള്ള ഹ്രസ്വകാല വായ്പകളും പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും തുടങ്ങിയ ഇളവുകളും ലഭ്യമാക്കിയിരുന്നു നിലവിലുള്ള സംരംഭകർക്ക് വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകുകയും നിലവിൽ അടച്ച തീർക്കാൻ ഉള്ള പലിശ (പിഴപ്പലിശ ഒഴിവാക്കി) ഘട്ടംഘട്ടമായി അടച്ച തീർക്കാൻ ഉള്ള സൗകര്യവും ലഭ്യമാക്കിയിരുന്നു. വായ്പയിൽ മുതൽ തിരിച്ചടവിന് ആറു മാസത്തെ മോറട്ടോറിയവും നൽകിയിരുന്നു. ഈ പദ്ധതി പ്രകാരം 18/01/2021 വരെ കെ.എസ്.ഐ.ഡി.സി. 18 വ്യവസായ യൂണിറ്റുകൾക്ക് 24.25 കോടി രൂപയുടെ ധനസഹായം (ലോൺ) നൽകുകയുണ്ടായി. കൂടാതെ, നിലവിലുള്ള പ്രവർത്തിക്കുന്ന എല്ലാ യൂണിറ്റുകൾക്കും വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകുകയും 31/03/2021 വരെ പിഴപ്പലിശ ഒഴിവാക്കി നൽകുകയും ചെയ്തിട്ടുണ്ട്. കോവിഡ്-19 രണ്ടാം വരവിനെ തുടർന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി ഇതിന്റെ ഒരു രണ്ടാം പതിപ്പായി കേരള ഗവൺമെൻറ് കോവിഡ് 19 സമാശ്വാസ പദ്ധതി എന്നപേരിൽ ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജ് അനുസരിച്ച് പ്രവർത്തനമൂല ധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചുവരുന്ന |

| | | | |
|---|---|---|---|
| | | | പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേക്കുള്ള പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേക്ക് കെ.എസ്.ഐ.ഡി.സി.യുടെ എസ്.ഡി.എഫ്.കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൌകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചു വർഷം കൊണ്ട് പലിശ രഹിത അടവോടും കൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽ നിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.യുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 12 പ്രൊജെക്ടുകൾക്കായി 19.55 കോടി രൂപയാണ് ധനസഹായം നല്കിയിരിക്കുന്നത്. |
| (ബി) | സർക്കാർ പ്രഖ്യാപിച്ച കോവിഡ് സമാശ്വാസ പാക്കേജിന് സമാന്തരമായി ചെറുകിട വ്യവസായ മേഖലയ്ക്കായി മറ്റ് പൊതുമേഖലാ സംവിധാനങ്ങളിലൂടെ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | കോവിഡ്-19പകർച്ചവ്യാധി മൂലം ദുരിതത്തിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളെ സഹായിക്കുന്നതിനായി കേരള ഗവൺമെൻറ് വ്യവസായ ഭദ്രത എന്നപേരിൽ ഒരു പ്രത്യേക സമാശ്വാസ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഈ പാക്കേജ് അനുസരിച്ച് കെ.എസ്.ഐ.ഡി.സി.യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പ്രവർത്തനമൂലധനത്തിനായി 200ലക്ഷം വരെയുള്ള ഹ്രസ്വകാല വായ്പകളും പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും തുടങ്ങിയ ഇളവുകളും ലഭ്യമാക്കിയിരുന്നു നിലവിലുള്ള സംരംഭകർക്ക് വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകുകയും നിലവിൽ അടച്ചു തീർക്കാൻ ഉള്ള പലിശ (പിഴപ്പലിശ ഒഴിവാക്കി) ഘട്ടംഘട്ടമായി അടച്ചു തീർക്കാൻ ഉള്ള സൗകര്യവും ലഭ്യമാക്കിയിരുന്നു. വായ്പയിൽ മുതൽ തിരിച്ചടവിന് ആറു മാസത്തെ മോറട്ടോറിയവും നൽകിയിരുന്നു. ഈ പദ്ധതി പ്രകാരം 18/01/2021 വരെ കെ.എസ്.ഐ.ഡി.സി. 18 വ്യവസായ യൂണിറ്റുകൾക്ക് 24.25 കോടി രൂപയുടെ ധനസഹായം (ലോൺ) നൽകുകയുണ്ടായി. കൂടാതെ, നിലവിലുള്ള പ്രവർത്തിക്കുന്ന എല്ലാ യൂണിറ്റുകൾക്കും വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകുകയും 31/03/2021 വരെ പിഴപ്പലിശ ഒഴിവാക്കി നൽകുകയും ചെയ്തിട്ടുണ്ട്. കോവിഡ്-19 രണ്ടാം വരവിനെ തുടർന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി ഇതിന്റെ ഒരു രണ്ടാം പതിപ്പായി കേരള ഗവൺമെൻറ് കോവിഡ് 19 സമാശ്വാസ പദ്ധതി എന്നപേരിൽ ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജ് അനുസരിച്ച് |

| | | | |
|---|---|---|---|
| | | | പ്രവർത്തനമൂല ധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേക്കുള്ള പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേക്ക് കെ.എസ്.ഐ.ഡി.സി.യുടെ എസ്.ഡി.എഫ്.കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൌകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചു വർഷം കൊണ്ട് പലിശ രഹിത അടവോടും കൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽ നിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.യുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 12 പ്രൊജെക്റ്റുകൾക്കായി 19.55 കോടി രൂപയാണ് ധനസഹായം നല്കിയിരിക്കുന്നത്. |
| (സി) | സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കോവിഡ് സമാശ്വാസ പദ്ധതിക്ക് പുറമേ ഈ രംഗത്ത് കേന്ദ്ര സർക്കാരിന്റെ സഹായ പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ? | (സി) | കോവിഡ് സാഹചര്യത്തിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾക്ക് പുറമേ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ (MSME) സംരംഭങ്ങൾക്കായി കേന്ദ്ര സർക്കാരിന്റെ സഹായ പദ്ധതികൾ നിലവിലുണ്ട്. കോവിഡ് 19 നെ തുടർന്നുണ്ടായ ലോക്ക് ഡൗൺ പ്രതിസന്ധിയിൽ നിന്നും MSME മേഖലയെ സഹായിക്കുന്നതിലേയ്ക്കായി കേന്ദ്രസർക്കാരിന്റെ ആത്മനിർഭർ ഭാരത് അഭിയാൻ പദ്ധതിയിലുൾപ്പെടുത്തി സഹായ പദ്ധതികൾ പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കൊളാറ്ററൽ സെക്യൂരിറ്റി കൂടാതെ വായ്പ്പ അനുവദിക്കുന്ന Emergency Credit Line Guarantee Scheme (ECLGS) പദ്ധതി,ഇക്വിറ്റി ഫണ്ട് അനുവദിക്കുന്ന fund of funds പദ്ധതി,നഷ്ടത്തിൽ പ്രവർത്തിക്കുന്ന MSME കളെ പുനരുദ്ധരിക്കുന്നതിലേയ്ക്കായുള്ള Subordinate debt for MSMEs പദ്ധതി എന്നിവ ആത്മനിർഭർ ഭാരത് അഭിയാൻ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയ്ക്കായുള്ള പ്രധാന പദ്ധതികളാണ്. |

സെക്ഷൻ ഓഫീസർ